കേരള സാഹിത്യ അക്കാദമി
തൃശൂർ
03.02.2018

പത്രക്കുറിപ്പ് 1

# മലയാളകഥകൾ ചൈതന്യവും സൂക്ഷ്മതയുമുള്ളത് ഡോ.എസ്.കെ.വസന്തൻ

തൃശൂർ : മലയാളകഥകൾ വളരെ സൂക്ഷ്മതയുള്ളതും ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്നതുമായി വികാസം പ്രാപിച്ചുവെന്ന് ഡോ.എസ്.കെ.വസന്തൻ. സമകാലികമലയാളസാഹിത്യത്തിൽ ഏറ്റവും ചൈതന്യവത്തായ ശാഖ ചെറുകഥയാണെന്നും അദ്ദേഹം പറഞ്ഞു. കഥകളെ പ്രത്യേക ഗ്രൂപ്പിലൊതുക്കാനോ ഒറ്റ നുകത്തിനുകീഴിൽ തളക്കാനോ കഴിയില്ല. കഥയുടെ വികാസത്തിന്റെ ആദ്യഘട്ടത്തിൽ സംഭവപ്രധാനവും തുടർന്ന് കഥാപാത്രപ്രധാനവുമായി മാറി. പിന്നീട് മനോഭാവങ്ങളിലേക്ക് കഥകൾ വികസിക്കുകയായിരുന്നു. മലയാളത്തിലെ മിനിക്കഥകൾ കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ അസാമാന്യമായി വളർന്നു. അതൊരു പ്രസ്ഥാനമായിത്തന്നെ വളർന്നുകഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് ഖാദർ പട്ടേപ്പാടത്തിന്റെ കഥാസമാഹാരമായ ‘നിഴലും നിലാവും’ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡോ.കാവുമ്പായി ബാലകൃഷ്ണൻ പുസ്തകം സ്വീകരിച്ചു.

മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷനായി. ഡോ.കെ.പി.ജോർജ് പുസ്തകപരിചയം നടത്തി. ഈ.ഡി.ഡേവീസ്, കെ.രാജേന്ദ്രൻ, ഖാദർ പട്ടേപ്പാടം, പി.ഗോപിനാഥൻ തുടങ്ങിയവർ സംസാരിച്ചു.

# ദേശീയപുസ്തകോത്സവം : മത്സരവിജയികൾ

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർ.

ലളിതഗാനം - ഹൈസ്കൂൾ: 1. ദേവിക സുരേഷ്ബാബു, എച്ച്എസ്എസ് പനങ്ങാട് 2. ഏയ്ഞ്ചൽ മരിയ തോമസ്, എസ്എച്ച്സിജിഎച്ച്എസ്എസ്, തൃശൂർ 3.അശ്വതി എസ്.നായർ, സെന്റ് തെരേസാസ് എച്ച്എസ്, ഷൊർണൂർ.

ലളിതഗാനം - കോളജ് : 1. ദീപ്തി പി.വി., പ്രജ്യോതി നികേതൻ, പുതുക്കാട് 2. ചാന്ദ്നി പ്രദീപ്, സെന്റ് അലോഷ്യസ്, എൽതുരുത്ത് 3. പൗർണമി കെ.പി., കോ-ഓപ്പറേറ്റീവ്, തൃശൂർ.

കവിതാലാപനം - ഹൈസ്കൂൾ : 1. സൂര്യ കെ.രാഗേഷ്, എസ്എച്ച് ഓഫ് മേരീസ് സിജിഎച്ച്എസ്, കണ്ടശ്ശാംകടവ്. 2. സ്വര ശ്രീകുമാർ, സെന്റ് തെരേസ് എച്ച്എസ്എസ്, ഷൊർണൂർ. 3. നിരഞ്ജന പത്മനാഭൻ, എച്ച്എസ്എസ്, ചാലിശേരി.

കവിതാലാപനം - കോളജ് : 1. സ്മൃതി വേണുഗോപാൽ, ഗവ.ലോ കോളജ്, തിരുവനന്തപുരം. 2. ലിസ്മ മോഹൻ പി, ഐപിടി & ജിപിടി കോളജ്, ഷൊർണൂർ. 3. കൃഷ്ണപ്രിയ വേണു, ശ്രീകൃഷ്ണ കോളജ്, ഗുരുവായൂർ.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി